**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ തെരുവുകൾ വൃത്തിയാക്കുന്നതിന് മൂന്ന് കുടുംബശ്രീ പ്രവർത്തകരെ ഒരു വർഷത്തേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2464/2018/തസ്വഭവ തിരുവനന്തപുരം, തീയതി 22.09.2018

---

പരാമർശം :- 1) നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.06.2016 ലെ A1-4405/2016 നമ്പർ കത്ത്

2) 28.12.2016 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 3.77

**ഉത്തരവ്**

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളും തെരുവുകളും വൃത്തിയാക്കുന്നതിന് ദിവസ വേതന അടിസ്ഥാനാത്തിൽ കുടുംബശ്രീ പ്രവർത്തകരെ നിയമിക്കുന്നതിന് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്ന് നെടുമ്പശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. 28.12.2016-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും പരാമർശം(2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിലെ തെരുവുകൾ വൃത്തിയാക്കുന്നതിന് 3 കുടുംബശ്രീ പ്രവർത്തകരെ ദിവസ വേതന അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു. എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്, എറണാകുളം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ യ്ക്ക്